(സി) ഈ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം ലിസ്റ്റിൽപ്പെടാത്ത ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേരെ എന്ന് വെളിപ്പെടുത്തുമോ ;

(ഡി) എച്ച്.ഡി.എസ്.-ന്റെ വരുമാനത്തിൽ 30% മാത്രമേ വേതനയായി ചെലവഴിക്കാവൂ എന്ന് ഉത്തരവുണ്ടോ ;

(ഇ) എങ്കിൽ കഴിഞ്ഞവർഷം ഡിസംബർ 31 വരെ എത്ര വരുമാനമുണ്ടെന്നും എത്ര രൂപ ശമ്പളയിനത്തിൽ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1998-ലും 1999-ലും പത്തു പേരടങ്ങുന്ന രണ്ട് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിരുന്നു. 1998-ലെ ലിസ്റ്റിൽ നിന്ന് എല്ലാവരെയും ആറുമാസത്തേയ്ക്ക് നിയമിച്ചിരുന്നു.

(സി) രണ്ടാമത്തെ ലിസ്റ്റ് 1999-ൽ പ്രസിദ്ധപ്പെടുത്തിയതിൽ നിന്ന് നിയമന നടപടികളുമായി മുന്നോട്ടു നീങ്ങിയപ്പോൾ ആദ്യം പ്രസിദ്ധീകരിച്ച ലിസ്റ്റിലുള്ളവർ പുതിയ നിയമത്തിനെതിരെ ബഹു: ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിട്ടുണ്ട്. ഇപ്പോഴും സ്റ്റേ നിലനിൽക്കുന്നു. മെഡിക്കൽ സമരത്തോടുകൂടി സെക്യൂരിറ്റിക്കാരുടെ എണ്ണം അടിയന്തിരമായി കൂട്ടേണ്ടിവന്ന സാഹചര്യത്തിൽ 17 പേരെ പുറമേ നിന്നും നിയമിക്കേണ്ടി വന്നു. ഈ നിയമനത്തിനുശേഷം കൂടിയ എച്ച്. ഡി. എസ്. യോഗം ഇതിന് അംഗീകാരവും നൽകിയിട്ടുണ്ട്.

(ഡി) നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം എച്ച്.ഡി.എസ്. വരുമാനത്തിന്റെ 35% വേതനമായി ചിലവഴിക്കാമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ഇ) കഴിഞ്ഞ വർഷം 1,67,04,855 രൂപ ലഭിച്ചിട്ടുണ്ട്. ശമ്പള ഇനത്തിൽ 1,05,63,538 രൂപ ചെലവഴിച്ചിട്ടുണ്ട്.

കെ. എച്ച്. ആർ. ഡബ്ല്യൂ. എസിലെ ക്ലീനർമാരുടെ പ്രൊമോഷൻ

176 (3366) ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. എം. കെ. മുനീർ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എച്ച്. ആർ. ഡബ്ല്യൂ. എസ്.-ൽ ക്ലീനറായി ജോലിയിൽ പ്രവേശിക്കുന്നവർ ക്ലീനറായിത്തന്നെ പെൻഷൻ പറ്റുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാർ ആശുപത്രികളിലെ ക്ലീനർമാർക്ക് പ്രൊമോഷൻ നൽകുന്നതുപോലെ കെ. എച്ച്. ആർ. ഡബ്ല്യൂ. എസിലെ ക്ലീനിംഗ് വിഭാഗത്തിലും അറ്റൻഡർ, സൂപ്പർവൈസർ എന്നീ തസ്തികകളിലേക്ക് പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കെ.എച്ച്.ആർ.ഡബ്ല്യൂ. എസ്. പേവാർഡുകളിൽ 13,14 വർഷങ്ങളായി ക്ലീനിംഗ് ജോലി ചെയ്തുവരുന്ന എത്ര പേരുണ്ട് ;

(ഡി) ഇവർക്ക് സാംക്രമിക രോഗങ്ങൾ ബാധിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്പെഷ്യൽ റൂൾസ് പ്രാബല്യത്തിൽ വരുന്നതോടെ ജീവനക്കാരുടെ പ്രമോഷൻ സാദ്ധ്യതകൾ പൊതുവിൽ വർദ്ധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) 58 പേർ

(ഡി) ആശുപത്രി ജീവനക്കാർക്കുള്ള മെഡിക്കൽ സംരക്ഷണം ഇവർക്ക് ഇപ്പോൾതന്നെ ലഭിക്കുന്നുണ്ട്.

കാർഡിയാക് കത്തിറ്ററൈസേഷൻ യൂണിറ്റുകൾ

177 (3367) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ ഇപ്പോൾ കാർഡിയാക് കത്തിറ്ററൈസേഷൻ യൂണിറ്റുകൾ ഉണ്ട് എന്ന് അറിയിക്കുമോ ;

(ബി) ഓരോ സ്ഥലത്തും പ്രസ്തുത യൂണിറ്റുകൾ ആരംഭിച്ചത് എന്നാണ് എന്ന് അറിയിക്കാമോ ;

(സി) ഇതിനായി ചെലവായിട്ടുള്ള തുക എത്ര ;

(ഡി) ഈ യൂണിറ്റുകൾ സ്ഥാപിച്ചിരിക്കുന്നത് സർക്കാർ നേരിട്ട് പണം മുടക്കിയാണോ മറ്റെതെങ്കിലും ഏജൻസികൾ മുഖേനയാണോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഇ) കാർഡിയാക് കത്തീറ്ററൈസേഷൻ യൂണിറ്റിൽ നിന്നും ലഭ്യമാകുന്ന പരിശോധന സൗകര്യങ്ങളും ചികിത്സാ സൗകര്യങ്ങളും എന്തെല്ലാം എന്ന് അറിയിക്കുമോ ;

(എഫ്) കോട്ടയം മെഡിക്കൽ കോളേജിൽ കെ. എച്ച്. ആർ ഡബ്ല്യൂ. എസ്. വഴി കാർഡിയാക് കത്തീറ്ററൈസേഷൻ സ്ഥാപിക്കുന്നതിന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ജി) എങ്കിൽ എന്ന് ലഭിച്ചുവെന്നും അതിൽമേൽ എന്ത് തീരുമാനം എടുത്തു എന്നും അറിയിക്കാമോ ;

(എച്ച്) ധാരാളം രോഗികൾ ഹൃദയ സംബന്ധമായ ചികിത്സയ്ക്ക് എത്തുന്ന കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാർഡിയാക് കത്തീറ്ററൈസേഷൻ ലാബ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly